## പതിനാലാം കേരള നിയമസഭ
## 9-ാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 750** **24.01.2018 -ൽ മറുപടിയ്ക്ക്**

### നെല്ലിയാമ്പതി ടൂറിസം പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ. ബാബു : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) കഴിഞ്ഞ സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ച നെല്ലിയാമ്പതി ടൂറിസം പദ്ധതിയുടെ പ്രവർത്തനങ്ങൾ ഏത് ഘട്ടം വരെയായി എന്ന് വിശദമാക്കാമോ; | (എ) & (ബി) പാലക്കാട് ജില്ലയിലെ നെല്ലിയാമ്പതിയിൽ ടൂറിസം വകുപ്പിന്റെ ഉടമസ്ഥതയിൽ 25 ഏക്കർ ഭൂമി നിലവിലുണ്ട്. എന്നാൽ നെല്ലിയാമ്പതിയിൽ എത്തുന്ന സഞ്ചാരികൾക്ക് ആവശ്യമായ താമസ സൗകര്യം ഇല്ല എന്നത് ഈ സ്ഥലത്തെ ടൂറിസത്തിനെ പ്രതികൂലമായി ബാധിക്കുന്നു. ആയതിനാൽ പ്രസ്തുത സ്ഥലത്തെക്കുറിച്ച് വിശദമായ ടൂറിസം പഠനം നടത്തി അനുയോജ്യമായ ടൂറിസം പദ്ധതികളും സഞ്ചാരികൾക്ക് ആവശ്യമായ സൗകര്യങ്ങളും ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കാവുന്നതാണ്. |
| (ബി) പാവങ്ങളുടെ ഊട്ടി എന്നറിയപ്പെടുന്ന നെല്ലിയാമ്പതിയിലെ ടൂറിസം സാദ്ധ്യത സംബന്ധിച്ച പഠനം നടത്തുന്നതിനും , വനം വകുപ്പ് ടൂറിസം വകുപ്പിന് കൈമാറിയിരുന്ന സ്ഥലം ഉപയോഗപ്പെടുത്തി വലിയ തോതിലുള്ള ടൂറിസം പദ്ധതിക്ക് രൂപം നൽകുന്നതിനും നടപടി സ്വീകരിക്കുമോ; വിശദാംശം അറിയിക്കാമോ ? | |

സെക്ഷൻ ഓഫീസർ